# ഗോദ്റെജ് സെക്യൂരിറ്റി സിസ്റ്റംസിന്റെ പുതിയ ഉൽപ്പന്നങ്ങൾ വിപണിയിൽ

**കൊച്ചി** > സുരക്ഷാ-സേവന ദാതാക്കളായ ഗോദ്റെജ് സെക്യൂരിറ്റി സൊല്യൂഷൻസ് വൈഫൈ സൗകര്യമുള്ള സിസി ടിവി സംവിധാനമായ ഈവ് ശ്രേണി കേരളത്തിലവതരിപ്പിച്ചു. ക്യാമറയിലെ ദൃശ്യങ്ങൾ വീട്ടുടമസ്ഥർക്ക് ലോകത്തെവിടെയിരുന്നും മൊബൈലിൽ കാണാമെന്ന് അസോസിയേറ്റ് വൈസ് പ്രസിഡന്റും സെയിൽസ്, മാർക്കറ്റിങ് ആൻഡ് ഇന്നവേഷൻ വിഭാഗം ആഗോള മേധാവിയുമായ മെഹര്നോഷ് പിത്തവാലിയ പറഞ്ഞു. ഈവി മിനി, ഈവി ക്യൂബ്, ഈവി പിടി എന്നീ മൂന്നു വകഭേദങ്ങളാണ് ഈ ശ്രേണിയിലുള്ളത്. ഓട്ടോ റെക്കോഡ് സംവിധാനവുമുണ്ട്. വൈഫൈ വീഡിയോ ഡോർ ഫോണും അവതരിപ്പിച്ചിട്ടുണ്ട്. 5,000 രൂപമുതൽ 24,000 രൂപവരെയാണ് വില.

ഓണം ബൈ ആൻഡ് ഫ്ളൈ ടു പാരീസ് എന്ന ഓഫറും കമ്പനി അവതരിപ്പിച്ചിട്ടുണ്ട്. ഹോം സേഫുകൾ, ഗോൾഡി ലോക്കുകൾ, ഇലക്ട്രോണിക് ഹോം സെക്യൂരിറ്റി ഉൽപ്പന്നങ്ങൾ, വിഡിപി, അലാം സംവിധാനങ്ങൾ, സിസിടിവി എന്നിവയാണ് മറ്റുൽപ്പന്നങ്ങൾ.